LIBRARY ARCHIVES Kerala Legislative Assembly

അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

255 (4006) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. സ്ഥലമെടുപ്പിനായി മുനമ്പം ഭാഗത്ത് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് ഭാഗത്ത് 6(1) നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടില്ല.

(ഡി) ആവശ്യമായ ഭൂമി, പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമായതിനുശേഷം ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പെരുമ്പളം-മുക്കുത്തുകരി-വട്ടവയൽ പാലം

256 (4007) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം ദ്വീപിലേക്ക് ജി.ഒ.(ആർ.ടി.) 1185/2009 പ്രകാരം അനുവദിച്ച പെരുമ്പളം-മുക്കുത്തുകരി-വട്ടവയൽ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പാലത്തിന് അനുവദിച്ച തുക വകമാറ്റി ചെലവാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് എത്ര രൂപയാണ്; പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പാലം നിർമ്മിക്കുന്നതിന് അടിയന്തിരമായി റിവൈസ്ഡ് റേറ്റിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഈ പാലത്തിന്റെ നിർമ്മാണത്തിനായി ജി.ഒ.(ആർറ്റി.) 1185/2009, 14-8-2009 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2-5-2013-ലെ ജി.ഒ. (ആർറ്റി.) 665/2013/ പി.ഡബ്ല്യു.ഡി. പ്രകാരം ഈ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ (DSR 2014) പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഓട്ടാഫീസ്, കാവനാൽകടവ് പാലങ്ങളുടെ പണി

257 (4008) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടാഫീസ്, കാവനാൽകടവ് പാലങ്ങളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തികൾ 2015 ആഗസ്റ്റ് അവസാനം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

(ബി) ഓട്ടാഫീസ് കടവ് പാലത്തിന്റെ കരാറുകാരന് ഫൈൻ ഈടാക്കിക്കൊണ്ട് പ്രവൃത്തിയുടെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്. കാവനാൽ കടവ് പാലത്തിന് കരാർ കാലാവധി നീട്ടിക്കൊടുക്കുന്നതിന് പിഴ ഈടാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ശുപാർശ ചെയ്തിരിക്കുകയാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly